©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ജനുവരി 19<br>19th January 2021<br>1196 മകരം 6<br>6th Makaram 1196<br>1942 പൌഷം 29<br>29th Pousha 1942 | നമ്പർ<br>No. | 3 |

## PART III

## Commissionerate of Land Revenue

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സിനോൾ വർഗീസ് | ഭാര്യ | 46 |
| 2 | ആനന്ദ് ടോം തോമസ് | മകൻ | 24 |
| 3 | ആൽബർട്ട് ടോം തോമസ് | ,, | 17 |

പരേതനായ ടോമി, ടി. എ. എന്നയാളുടെ അനന്തരാവകാശികൾ മേൽ വിവരിച്ചവർ മാത്രമാണെന്ന് അറിവായ സാഹചര്യത്തിൽ അപേക്ഷ പ്രകാരം അവകാശ സർട്ടിഫിക്കറ്റ് മേൽ വിവരിച്ചവർ പേരിൽ കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം കക്ഷികൾ ആയത് ടി പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാലിലും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
ഇടുക്കി. തഹശീൽദാർ.

## ERNAKULAM DISTRICT

ഫോറം 10

[ചട്ടം 21 (16) കാണുക ]

പൊന്നുംവില നിയമം സെക്ഷൻ 19 പ്രകാരമുള്ള പ്രഖ്യാപനം

നമ്പർ സി3-60876/2013. 2020 ഡിസംബർ 2.

താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013-ലെ കേന്ദ്ര ആക്ട് നമ്പർ 30 വകുപ്പ് 11 ഉപവകുപ്പ് 1 പ്രകാരമുള്ള വിജ്ഞാപനം 30-12-2019-ലെ വാല്യം 8, നമ്പർ 3240 അസാധാരണ ഗസറ്റിലും 20-12-2019-ലെ ദേശാഭിമാനി ദിനപത്രത്തിലും 20-12-2019-ലെ കേരള കൗമുദി ദിനപത്രത്തിലും പദ്ധതി പ്രദേശങ്ങളിലും ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാലും,

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുമുള്ള അവകാശ ആക്ട് 2013-ലെ കേന്ദ്ര ആക്ട് 30 വകുപ്പ് 15 ഉപവകുപ്പ് 1 പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതുകാര്യത്തിനായി പരിഗണിച്ച് പൊന്നും വിലയ്ക്ക് എടുക്കേണ്ടതാണെന്ന് സ്ഥലമെടുപ്പ് ആഫീസർ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ബോധ്യപ്പെട്ടിരിക്കുന്നതിനാലും,

ഇപ്പോൾ അതിനാൽ പ്രസ്തുത നിയമത്തിന്റെ വകുപ്പ് 19 പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും ഏകദേശം 0.0027 ഹെക്ടർ അല്ലെങ്കിൽ അതിൽ അല്പം കൂടുതലോ കുറവോ വിസ്തീർണ്ണം വരുന്ന സ്ഥലം ഒരു പൊതു ആവശ്യത്തിന് അതായത് കുമ്പളങ്ങി-എഴുപുന്ന പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ആവശ്യമുണ്ടെന്ന് ഇതിനാൽ പ്രഖ്യാപിക്കുകയും ഭൂമി പൊന്നും വിലയ്ക്ക് ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ തഹശീൽദാർ (എൽ. എ) എൻ. എച്ച്. നമ്പർ 1, കാക്കനാട് എന്നിവരോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

സ്ഥലത്തിന്റെ ഒരു രൂപരേഖ സ്പെഷ്യൽ തഹസിൽദാർ (എൽ. എ) എൻ. എച്ച്. നം 1, കാക്കനാട് കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതും ആഫീസ് സമയത്ത് എപ്പോൾ വേണമെങ്കിലും അത് പരിശോധിക്കാവുന്നതാണ്.

പട്ടിക-I

പൊന്നും വിലയ്ക്ക് എടുക്കുന്ന വസ്തുവിന്റെ വിശദ വിവരങ്ങൾ

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

ജില്ല-എറണാകുളം.

താലൂക്ക്-കൊച്ചി. വില്ലേജ്-കുമ്പളങ്ങി.

| ക്രമ നമ്പർ | സർവ്വേ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| 1 | 475/1/9 | പുരയിടം | 0.0012 |
| 2 | 475/2/11 | ,, | 0.0015 |
| | ആകെ വിസ്തീർണ്ണം | | 0.0027 |

പട്ടിക II

പുനരധിവാസത്തിനുള്ള ഭൂമിയുടെ വിവരങ്ങൾ

(ബാധകമല്ല)

പട്ടിക III

പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള പദ്ധതിയുടെ വിവരങ്ങൾ
(ബാധകമല്ല)

കളക്ടറേറ്റ്, (ഒപ്പ്)
എറണാകുളം. ജില്ലാ കളക്ടർ.

## Kochi Taluk

പരസ്യം

(1)

നമ്പർ എച്ച് 2-7582/2020. 2020 ഒക്ടോബർ 7 .

കൊച്ചി താലൂക്കിൽ രാമേശ്വരം വില്ലേജിൽ വാലയിൽ വീട്ടിൽ വി. ജെ. വർഗ്ഗീസ് എന്നയാൾ മരിച്ചുപോയെന്നും ജോലി സംബന്ധമായ ആവശ്യത്തിന് ഹാജരാക്കുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ മകൻ സനീഷ്, വി. വി. സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ വി. ജെ. വർഗ്ഗീസ് എന്നയാൾ 25-1-2020-ാം തീയതിയിൽ മരിച്ചുപോയിട്ടുള്ളതായും പരേതന്റെ അവകാശികളായി താഴെ പറയുന്നവർ മാത്രമാണെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സുജാത, എം. എ. | ഭാര്യ | 58 |
| 2 | സനീഷ്, വി. വി. | മകൻ | 35 |
| 3 | സാലു, വി. വി. | ,, | 34 |
| 4 | രേഷ്മ, വി. വി. | മകൾ | 31 |

മേൽ വിവരിച്ചിവരാണ് പരേതന്റെ അവകാശികൾ എന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം കൊച്ചി തഹശീൽദാർ മുൻപാകെ ഹാജരാകേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞോ തപാൽ മാർഗ്ഗമായോ വരുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.